പോപ്പുലേഷന്റെ റേഷ്യോ അനുസരിച്ചുള്ള എമൗണ്ട് അങ്ങോട്ട് മാറ്റാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഈ വർഷത്തെ ഇതുവരെയുള്ള പോപ്പുലേഷന്റെ റേഷ്യോ അനുസരിച്ചുള്ള അവരുടെ ഫണ്ടുകൾ അങ്ങോട്ട് മാറ്റി കൊടുക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(12) വിദ്യാഭ്യാസ സംവരണം

ശ്രീ. ലൂഡി ലൂയിസ്: സർ, കേരളത്തിലെ ഒ.ബി.സി. വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ആംഗ്ലോ- ഇന്ത്യൻ വിദ്യാർത്ഥികൾക്ക് സംസ്ഥാന സർവ്വകലാശാലകൾക്കുകീഴിലുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്കൊപ്പം വിദ്യാഭ്യാസ സംവരണം ഏർപ്പെടുത്തണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലെ വിദ്യാഭ്യാസത്തിന്റെ പിന്നോക്കാവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ലത്തീൻ വിഭാഗത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി പ്രൊഫഷണൽ കോളേജുകളിൽ ഈ സർക്കാർ വിദ്യാഭ്യാസ സംവരണം അനുവദിക്കുകയുണ്ടായി. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും പിന്നോക്ക സമുദായക്ഷേമ വകുപ്പുമന്ത്രിയോടും എനിക്ക് നന്ദിയുണ്ട്. പക്ഷേ, ഇന്ന് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന നിയമനങ്ങളിലും ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലത്തീൻ സമുദായങ്ങൾക്കൊപ്പമാണ് തൊഴിലവസരങ്ങൾ നൽകിയിരിക്കുന്നത്. കൂടാതെ കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ സമുദായം ലത്തീൻ സമുദായത്തിന്റെ ഭാഗമാണ്. ആംഗ്ലോ-ഇന്ത്യൻ സമുദായത്തിലുള്ള നിരവധി നിർദ്ധന വിദ്യാർത്ഥികൾ ആശ്രയിക്കുന്ന ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ബിരുദ-ബിരുദാനന്തര ബിരുദ പ്രവേശനത്തിന് ലത്തീൻ കത്തോലിക്ക് അദർദാൻ ആംഗ്ലോ-ഇന്ത്യൻ എന്നുള്ള വിവേചനപരമായ നിബന്ധന ഇപ്പോഴും നിലനിൽക്കുന്നു. ഈ വിവേചനം ഉന്നത വിദ്യാഭ്യാസത്തിന് യാതൊരു സ്ഥാപനവും സ്വന്തമായി ഇല്ലാത്ത ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിലെ ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലത്തീൻ സമുദായത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സംവരണം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, കേരളത്തിലെ സർക്കാർ സർവ്വീസിലും പ്രൊഫഷണൽ വിദ്യാഭ്യാസ പ്രവേശനരംഗത്തും ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തിന് സംവരണം അനുവദിച്ചത് ലത്തീൻ കത്തോലിക്കാ വിഭാഗത്തിനോടൊപ്പമാണ്. കൂടാതെ 23-5-2015-ലെ ഗവൺമെന്റ് ഉത്തരവുപ്രകാരം ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളെ കൂടി ഉൾപ്പെടുത്തി പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കണ്ടറി/ വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലും നിലവിലുള്ള രണ്ട് ശതമാനം സംവരണം മൂന്ന് ശതമാനമാക്കി ഈ ഗവൺമെന്റ് വർദ്ധിപ്പിച്ചിട്ടുണ്ട്. ബിരുദ- ബിരുദാനന്തര കോഴ്സുകളിൽ ഒ.ബി.സി. വിഭാഗത്തിനുള്ള 20 ശതമാനം സംവരണത്തിൽ ആംഗ്ലോ-ഇന്ത്യൻ വിഭാഗം ഉൾപ്പെട്ടിട്ടില്ല. ഇവർ കേന്ദ്ര സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ടവരാണ്. ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ലത്തീൻ കത്തോലിക്കാ സമുദായത്തിലെ വിദ്യാർത്ഥികൾക്കൊപ്പം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്കും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിർബന്ധമായും പരിശോധിച്ച് ആവശ്യമായ നടപടികൾ ഉൾപ്പെടുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(13) വിശ്വകർമ്മജർക്ക് പെൻഷൻ

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ശ്രീ. എ. കെ. ആന്റണി സർക്കാർ 2003-ൽ വിശ്വകർമ്മജ സമുദായത്തെ പരമ്പരാഗത തൊഴിൽ വിഭാഗമായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ നാളിതുവരെ ഒരു തുടർനടപടിയും ഉണ്ടായിട്ടില്ല. ഈ ഉത്തരവുപ്രകാരം ക്രീമിലെയർ സംരക്ഷണം ഇല്ലാതായിരിക്കുകയാണ്. ഈ വിഭാഗത്തിലുള്ളവർക്ക് ക്രിമിലെയറിന്റെ സംരക്ഷണം ഭരണഘടനാപരമായി തന്നെ ലഭിക്കേണ്ടതാണ്. ഈ ഉത്തരവ് 2003-ൽ വന്നുവെന്നുള്ളതല്ലാതെ തൊഴിൽ സംരക്ഷണവും തൊഴിലുറപ്പും ഇതുവരെ വിശ്വകർമ്മജ സമുദായത്തിന് ലഭിച്ചിട്ടില്ല. ക്രീമിലെയർ സംരക്ഷണം ഉറപ്പാക്കിക്കൊണ്ട് ഈ ഉത്തരവ് നടപ്പിലാക്കാൻ നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പം ഈ സർക്കാർ പെൻഷൻ പ്രഖ്യാപിച്ചിട്ടുണ്ട്. പെൻഷൻ പ്രഖ്യാപിച്ചിട്ട് രണ്ടുവർഷമായെങ്കിലും ഇതുവരെ കൊടുക്കാനായി സാധിച്ചിട്ടില്ല. ഇപ്പോൾ 60 വയസ്സ് കഴിഞ്ഞവർക്ക് 500 രൂപയാണ് പെൻഷനായി

LIBRARY ARCHIVES Kerala Legislative Assembly